# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3410 | 14.03.2018 — ൽ മറുപടിക്ക്

## റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.പി. അനിൽ കുമാർ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് M/s Linkwell Telesystems Pvt.Ltd എന്ന കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ എല്ലാ റേഷൻ കടകളിലും കോട്ടയം ഒഴികെയുള്ള ജില്ലകളിലെ ഓരോ ഫർക്കകളിലെ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കടകളിലെ എല്ലാ റേഷൻ വ്യാപാരികൾക്കും വകുപ്പിലെ ജീവനക്കാർക്കും ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. മറ്റുള്ള റേഷൻ വ്യാപാരികളുടെ പരിശീലനവും ഇ-പോസ് മെഷീന്റെ സ്ഥാപനവും തുടർന്നു വരുന്നു. റേഷൻ സംബന്ധിച്ച ട്രാൻസാക്ഷനുകൾ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ e-pos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ നിരീക്ഷിക്കാൻ സാധിക്കും. |
| (ബി) | ഇ-പോസ് മെഷീനുകൾക്കായി സപ്ലൈകോ ടെൻഡർ ക്ഷണിച്ചിരുന്നോ; ഏത് സ്ഥാപനവുമായാണ് കരാർ ഉറപ്പിച്ചത്; എന്ത് തുകയ്ക്കാണ് ഇ-പോസ് മെഷീനുകൾ ലഭ്യമാക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ഇ-പോസ് മെഷീനുകൾക്കായി സപ്ലൈകോ ടെൻഡർ ക്ഷണിച്ചിരുന്നു. ഇ-പോസ് മെഷീനുകളുടെ hardware, software, operation, maintenance, training, warranty, field level support എന്നിവയ്ക്കായി ആകെ 54,08,38,000/- രൂപയ്ക്ക് M/s Linkwell Telesystems Pvt. Ltd എന്ന സ്ഥാപനവുമായാണ് കരാർ ഉറപ്പിച്ചിരിക്കുന്നത്. |
| (സി) | പ്ലാൻ ഫണ്ടിൽ നിന്നും ഈ ആവശ്യത്തിലേയ്ക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചു; 2017-18 ൽ ഇതിനായി അനുവദിച്ച തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവാക്കി; വ്യക്തമാക്കാമോ? | (സി) | പ്ലാൻ ഫണ്ടിൽ നിന്നും 54.72 കോടി രൂപ ഈ ആവശ്യത്തിലേയ്ക്കായി അനുവദിച്ചിട്ടുണ്ട്. ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിക്കുന്നതോടനുബന്ധിച്ച് ടി തുക ചെലവാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ